# II മാവിലൻ ഗോത്രകലകൾ

ജയചന്ദ്രൻ എം

കാസർഗോഡ്, കണ്ണൂർ ജില്ലകളിലെ പ്രധാനപ്പെട്ട ഗോത്ര ജനവിഭാഗമാണ് മാവിലൻ. കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ്ഗ്, വെള്ളരിക്കുണ്ട്, കാസർഗോഡ് താലൂക്കുകളിലാണ് മാവിലൻ ഗോത്രജനത താമസിക്കുന്നത്. ഭൂരിഭാഗം താമസകേന്ദ്രങ്ങളും ഇടനാട്, മലയോരം എന്നീ പ്രദേശങ്ങളിലാണ്. ബേഡഡുക്ക, കുറ്റിക്കോൽ, കള്ളാർ, പനത്തടി, ബളാൽ, കോടോം ബേളൂർ, കിനാനൂർ കരിന്തളം, ഈസ്റ്റ് ഏളേരി, വെസ്റ്റ് എളേരി, അജാനൂർ, പുല്ലൂർ, പെരിയ പഞ്ചായത്തുകളിലും, കാഞ്ഞങ്ങാട് – നീലേശ്വരം നഗരസഭകളുടെ പരിധിയിലുമായി ഏകദേശം 26,000 ത്തോളം വരുന്ന മാവിലൻ ഗോത്ര ജനത അധിവസിക്കുന്നു.

തനതായ ജീവിതരീതി പുലർത്തിയിരുന്ന ജനവിഭാഗമാണ് മാവിലൻ. കാടിനെ പൂർണ്ണമായും ആശ്രയിച്ച് ജീവിച്ചിരുന്നവരാണ് മാവിലൻമാർ. വെട്ടിച്ചുട്ട് കൃഷി, നായാട്ട്, മീൻപിടിത്തം എന്നിവയായിരുന്നു പ്രധാന ഉപജീവനമാർഗ്ഗങ്ങൾ. എന്നാൽ മുൻ മലബാർ പ്രദേശത്തേക്കുള്ള മറ്റാളുകളുടെ കുടിയേറ്റങ്ങൾ മാവിലൻ അടക്കമുള്ള ആദിവാസി ജനവിഭാഗങ്ങളുടെ ജീവിതത്തിൽ വളരെയധികം മാറ്റങ്ങൾ ഉണ്ടാക്കി. കാടിനെ ആശ്രയിച്ച് ജീവിച്ചിരുന്ന ഈ ജനവിഭാഗം കാട് വെട്ടിത്തെളിച്ച് കൃഷി ചെയ്യാൻ നിർബന്ധിതരായി. സ്വന്തം ഭൂമിയിൽ അന്യരായി ജീവിച്ച് കൊണ്ട് അവർക്ക് പുതിയ യജമാനൻമാരുടെ നിർദ്ദേശങ്ങൾ അനുസരിക്കേണ്ടിയും വന്നു. പുതിയ യജമാനൻമാർക്ക് വേണ്ടി പുതിയ കൃഷിരീതി പഠിക്കേണ്ടി വരികയും നിരവധിയായ ചൂഷണങ്ങൾക്ക് വിധേയരാവുകയും ചെയ്തു.

ഓരോ ഗോത്രജന വിഭാഗവും വ്യത്യസ്തമായ സാംസ്കാരിക പാരമ്പര്യം കാത്തു സൂക്ഷിക്കുന്നവരാണ്. സ്വന്തമായ ഭാഷയും ആചാരങ്ങളും അനുഷ്ഠാനങ്ങളും പാട്ടുകളും നൃത്തവും ഓരോ ഗോത്ര വിഭാഗത്തിലും ഉണ്ട്. മംഗലം കളി, എരുത് കളി, തെയ്യം, മുളം ചെണ്ട, കളം പാട്ട്, മന്ത്രവാദം എന്നിവയാണ് മാവിലൻ ഗോത്രത്തിന്റെ തനതു കലാരൂപങ്ങൾ. അവയിൽ തെയ്യം, കളംപാട്ട്, മന്ത്രവാദം എന്നിവ അനുഷ്ഠാനങ്ങളുമായി ബന്ധപ്പെട്ടവയാണ്.

## മംഗലം കളി


ചിത്രം: 24 മംഗലംകളി അവതരണം[25]

മാവിലൻ ഗോത്രവിഭാഗം അവരുടെ ആഘോഷങ്ങളുമായി ബന്ധപ്പെട്ട് നടത്തുന്ന ഗോത്രനൃത്തമാണ് മംഗലം കളി. പെൺകുട്ടി ഋതുമതിയാവുന്ന സമയത്തും (തിരണ്ട് മംഗലം), വിവാഹസമയത്തും (മംഗലം) അവതരിപ്പിക്കുന്ന നൃത്തമായതിനാലാണ് ഇതിനെ മംഗലം കളി എന്ന് അറിയപ്പെടുന്നത്.

പെരുംതുടി, ഫാണത്തുടി (ചെറിയ തുടി) എന്നീ വാദ്യങ്ങളാണ് താളം പിടിക്കാൻ ഉപയോഗിക്കുന്നത്. തുളു, മലയാളം എന്നീ ഭാഷകളിലാണ് പാട്ടുകൾ. ജില്ലയിലെ വിവിധ ഊരുകളിൽ മംഗലം കളിയുടെ പാട്ടിലും അവതരണത്തിലും പ്രാദേശികമായ വ്യത്യാസൽ കാണുന്നുണ്ട്.

വിവാഹത്തിന് (മംഗലത്തിന്) തലേദിവസം തന്നെ വരനും സംഘവും വധുവിന്റെ വീട്ടിലേക്ക് എത്തിച്ചേരുന്നു. തുടർന്ന് പിറ്റേദിവസം ഉച്ചവരെ നീളുന്ന വിവാഹ ചടങ്ങുകൾ നടക്കും. ഇതേസമയം തന്നെ മംഗലം കളികളും അരങ്ങേറും. ചാളപ്പാട്ട്, കോഴിപ്പാട്ട്, പുർളിപ്പാട്ട്, ചിങ്കിരി, മാണിനങ്കരെ, ഊറ് കുടിപ്പാളു, ചെന്നുപ്പാട്ട് തുടങ്ങിയ പാട്ടുകൾ താളത്തിൽ പാടി മുഴുവൻ ആളുകളും നൃത്തം ചെയ്യുന്നു. വിവാഹ ശേഷം വധു വരന്റെ വീട്ടിലേക്കുള്ള യാത്രയ്ക്കിടയിൽ വിവിധ സവർണ വീടുകളിൽ മംഗലം കളി അവതരിപ്പിക്കണമെന്ന നിർദ്ദേശം നിലവിലുണ്ടായിരുന്നു. ഈഴവ, മുസ്ലീം, നായർ, നമ്പൂതിരി വീടുകളിൽ വ്യത്യസ്ത പാട്ടുകൾ പാടി മംഗലം കളി അവതരിപ്പിച്ചിരുന്നു. 1970–80 കാലത്തോടെ വിവാഹചടങ്ങുകളിൽ വലിയ മാറ്റം സംഭവിക്കുകയും മംഗലം കളി വിസ്മൃതമാവുകയും ചെയ്തു. 1990 കളിലാണ് മംഗലം കളി കലാരൂപം എന്ന നിലയിൽ വീണ്ടും വേദികളിൽ എത്തിച്ചേർന്നത്. ഇന്ന് കാസർഗോഡ് ജില്ലയിൽ മംഗലം കളി അവതരിപ്പിക്കുന്ന മുപ്പതിലധികം കലാസമിതികൾ ഉണ്ട്.


ചിത്രം: 25 മംഗലം കളിക്ക് ഉപയോഗിക്കുന്ന വാദ്യോപകരണങ്ങൾ[26]

നായാട്ട്, നായാട്ട് പരിശീലനം, കൃഷി രീതികൾ, വിവിധ തൊഴിലുകൾ, ജീവിത സാഹചര്യങ്ങൾ, കുടുംബബന്ധങ്ങൾ, തെങ്ങ് കൃഷിയുടെ ഉത്ഭവം, അടിമച്ചന്തകൾ, വിവിധ ഗോത്രഭക്ഷണ ഇന ങ്ങൾ, മാവിലൻ ഗോത്രവുമായി ഇടപഴകിയ വിവിധ ഗോത്ര ജനവിഭാ ഗങ്ങൾ എന്നിവയെക്കുറിച്ചെല്ലാം മംഗലം കളിപ്പാട്ടുകളിൽ വിശദീകര ണവും സൂചനകളുമുണ്ട്. പോയ്മറഞ്ഞ ഗോത്രജീവിതകാലത്തെ കാര്യമായി അടയാളപ്പെടുത്താൻ നിലവിൽ ലഭ്യമായ മംഗലം കളി പാ ട്ടുകൾക്ക് കഴിയുന്നുണ്ട്.

മംഗലം കളി ജനകീയ അംഗീകാരമുള്ള കലയായി വളർന്ന് വന്നിരിക്കുകയാണ്. സ്കൂൾ കലോത്സവത്തിൽ മംഗലം കളി ഉൾപ്പെ ടുത്തുന്നത് സംബന്ധിച്ച ചർച്ചകളും നിർദ്ദേശങ്ങളും ഉണ്ടായിരുന്നു. കാസർഗോഡ് ജില്ലയിലെ മാവിലൻ ഉദ്യോഗസ്ഥ കൂട്ടായ്മയായ തുടി സാംസ്കാരിക വേദി 2016–17 വർഷങ്ങളിൽ 12–ഓളം മംഗലം കളി ശിൽപശാലകൾ നടത്തിയിരുന്നു. കോഴിക്കോട് കിർടാഡ്സ് ഗോത്രക ലകളുടെ അവതരണം സംബന്ധിച്ച ശിൽപശാലകൾ നടത്തുകയുണ്ടാ യി. മംഗലംകളി കലാകാരൻമാർക്കും കലാകാരികൾക്കും ഫോക്‌ലോ ർ അക്കാദമി അവാർഡ് ലഭിച്ചിട്ടുണ്ട്. കാരിച്ചിയമ്മ, ഉമ്പിച്ചിയമ്മ, എം. എസ് മാധവൻ അടുക്കം, മാധവൻ അത്തിക്കോത്ത് എന്നിവർ ഫോക്‌ലോർ അക്കാദമി അവാർഡ് ജേതാക്കളാണ്. വളരെ ജനകീയ മായ ഗോത്രകലാരൂപം എന്ന നിലയിൽ സർക്കാരിന്റെയും കിർടാഡ് സിന്റെയും പൊതുപരിപാടികളിൽ മംഗലം കളി അവതരിപ്പിക്കപ്പെടാ റുണ്ട്മംഗലം കളിയുടെ പാട്ടുകൾ ചില നാടൻപാട്ട് സംഘങ്ങൾ വികലമായി ഉപയോഗിക്കുന്നുണ്ട്. ഇത്തരം പ്രവണതകൾ മഹത്തായ ഗോത്രകല നേരിടുന്ന വെല്ലുവിളികളിലൊന്നാണ്. മംഗലംകളി പോലു ള്ള ഗോത്രകലാരൂപങ്ങൾ അതിന്റെ തനിമയോടെ നിലനിർത്തുന്നതിന് കൂട്ടായ പരിശ്രമം ആവശ്യമാണ്.

## എരുത് കളി

കൃഷിയുമായി ബന്ധപ്പെട്ട ഒരു ഗോത്രകലയാണ് എരുത്കളി. മാവിലൻ ഗോത്രം കന്നുകാലികളെ ഉപയോഗിച്ച് കൃഷി ചെയ്യാൻ ആരംഭിച്ച കാലത്താവണം ഈ കലാരൂപം വികസിച്ചത്. തുലാം പത്തിന് തെയ്യങ്ങൾക്ക് കൊടുത്ത ശേഷം കാളയുടെ രൂപം ഉണ്ടാക്കി, പൊയ്മുഖങ്ങൾ വെച്ച ഒന്നോ രണ്ടോ ആളുകളും ചേർന്ന് ചെണ്ടയുടെ താളത്തിനനുസരിച്ച് പാട്ടുപാടി നൃത്തം ചെയ്യുന്നു. മാവിലൻ ഊരിന് ചുറ്റുമുള്ള മറ്റു ജനവിഭാഗങ്ങളുടെ വീടുകൾ ഈ സംഘം സന്ദർശിക്കുകയും ഓരോ വീട്ടിൽ നിന്നും നൽകുന്ന സാധ നങ്ങളും പണവും സ്വീകരിക്കുകയും ചെയ്യുന്നു.

കാസർഗോഡ് ജില്ലയിലേക്ക് കർണാടകയിലെ സുബ്രഹ്മണ്യത്ത് നിന്നും കാലികളെ കൊണ്ടുവരുന്ന പതിവ് 1980–കൾ വരെ നിലവിലുണ്ടായിരുന്നു. കാളയെ 'എരുത്' എന്നാണ് കാസർഗോഡ് ജില്ലയിൽ അറിയപ്പെടുന്നത്. ഇങ്ങനെ ഒരു കർഷകൻ കൊണ്ടു വന്ന എരുതിനെ ഒരു പ്ലാവിന്റെ ചുവട്ടിൽ കെട്ടി. അയാൾ വിശ്രമിക്കാൻ പോയി. തിരിച്ച് വന്നപ്പോൾ താഴെ വീണ് കിടന്ന ചക്കപ്പഴം കാണുകയും അതിൽ നിന്ന് കുറച്ച് എരുതിന് കൊടുക്കുകയും ചെയ്തുവത്രെ. എന്നാൽ എരുതിന്റെ വായിൽ നിന്ന് നുരയും പതയും വന്നുവെന്നും അതുമാറിയാൽ ഒരു എരുതിന്റെ രൂപമുണ്ടാക്കി സുബ്രഹ്മണ്യത്തേക്ക് കൊണ്ട് പോകാം എന്നും ആ ആൾ നേർച്ച പറയുകയുണ്ടായത്രെ. ഇതിന്റെ ഓർമ്മയ്ക്കായാണ് എല്ലാവർഷവും തുലാം പത്തിന് പ്രസ്തുത ചടങ്ങ് നടത്തുന്നത് എന്നൊരു കഥ നിലവിലുണ്ട്.

എന്നാൽ എരുത് കളിയുടെ കൂടെ പാടുന്ന പാട്ടിൽ ഈ കാര്യങ്ങളൊന്നും സൂചനയില്ല. കുടിൽ നിർമ്മാണത്തെക്കുറിച്ചും എരുതിന്റെ ലക്ഷണങ്ങളെക്കുറിച്ചും ഗുണങ്ങളെക്കുറിച്ചും ഒക്കെ വിശദമായി എരുത്കളിപ്പാട്ടിൽ പറയുന്നു. ഈ ആചാരവും ഇന്ന് അനുഷ്ഠിക്കാറില്ല. കലാ–സാംസ്കാരിക വേദികളിൽ അവതരിപ്പിക്കുന്നതിലേക്ക് എരുത് കളിയും ഒതുങ്ങി. മംഗലംകളി പോലെ മറ്റൊരു ജനകീയ കലാരൂപമായി എരുത് കളിയും മാറിയിരിക്കുന്നു.

## മുളം ചെണ്ട

മുള പ്രത്യേക തരത്തിൽ തയ്യാറാക്കി കൊട്ടാൻ ഉപയോഗിക്കുന്നതാണ് മുളം ചെണ്ട. ഊരുകളിൽ എല്ലാ വീടുകളിലും മുളം ചെണ്ടകൾ ഉണ്ടാക്കിയിരുന്നു. മുളം ചെണ്ടയുടെ വാദ്യം ഏറെ പ്രശംസനീയ കലയായി മാറിയിരിക്കുന്നു.

## തെയ്യം

തെയ്യം അനുഷ്ഠാനം എന്നതിൽ നിന്നും കലയായികൂടി പരിഗണിക്കുന്ന തലത്തിലേക്ക് വളർന്നിരിക്കുന്നു. മാവിലൻ ഗോത്രാംഗങ്ങളുടെ വിശ്വാസപ്രകാരം 101 തെയ്യക്കോലങ്ങൾ ഉണ്ട്. ഇതിൽ മാവിലഗോത്രത്തിന് മാത്രം കെട്ടിയാടാൻ അവകാശമുള്ളവയും, തെയ്യം കെട്ടുന്ന മറ്റ് സമുദായങ്ങൾ കെട്ടിയാടുന്ന തെയ്യങ്ങളും ഉൾപ്പെടുന്നു. മാവിലൻ ഊരുകളിലെ പള്ളിയറ/പതികളിലും മറ്റ് വിഭാഗങ്ങളുടെ കാവുകൾ, അമ്പലങ്ങൾ, വീടുകൾ എന്നിവിടങ്ങളിലും തെയ്യം കെട്ടിയാടാൻ മാവിലൻമാർക്ക് അവകാശങ്ങൾ ഉണ്ട്. മറ്റെല്ലാ വിഭാഗങ്ങളെയും പോലെ മുഖത്തെഴുത്തിന് പ്രകൃതിയിൽ നിന്ന് ലഭിക്കുന്ന വസ്തുക്കളാണ് ഉപയോഗിക്കുന്നത്.

തെയ്യം കെട്ടിയാടുന്നതിന് നിശ്ചിതമായ രീതികളും ചടങ്ങുകളും ഉണ്ട്. തെയ്യം നിശ്ചയിക്കൽ, അടയാളം കൊടുക്കൽ, തുടങ്ങൽ, തോറ്റം, കുളിച്ചു തോറ്റം, തെയ്യം കെട്ടിയാടൽ, അനുഗ്രഹം നൽകൽ, മുടിയെടുക്കൽ എന്നിങ്ങനെ നീളുന്നു ചടങ്ങുകൾ. ഓരോ തെയ്യത്തിനും പ്രത്യേകം പൂജകളും വെച്ചുവിളമ്പുന്ന രീതിയും ഉണ്ട്. തെയ്യം കെട്ടിയാടുന്ന ആൾ, തെയ്യത്തിന്റെ പൂജകൾ കൃത്യമായി ചെയ്യുന്ന കർമ്മികൾ, വെളിച്ചപ്പാട്, വാദ്യങ്ങൾ, മറ്റു സഹായികൾ, തെയ്യം നടക്കുന്ന വീട്ടുകാർ തുടങ്ങി വലിയ കൂട്ടായ്മയുടെ ആഘോഷമാണ് തെയ്യം.

ഗോത്രജീവിതത്തിന്റെ ഏറ്റവും വലിയ പ്രത്യേകത തെയ്യം കെട്ടിയാടുന്ന രീതിയിൽ കാണാൻ സാധിക്കും. ഊരിലെ അംഗങ്ങൾ മരിച്ച് കഴിഞ്ഞാൽ അവർക്ക് തെയ്യക്കോലം കൽപ്പിച്ച് നൽകുന്നു. ഈ തെയ്യം അണങ്ങ് എന്ന് അറിയപ്പെടുന്നു.



ചിത്രം: 26 പഞ്ചുരുളി തെയ്യം[27]

ജാതീയത, സവർണ്ണ മേധാവിത്വം, തൊട്ടുകൂടായ്മ, അയിത്തം തുടങ്ങിയ സാമൂഹിക തിൻമകൾക്കെതിരെ പോരാടി ധീര രക്തസാക്ഷിത്വം വരിച്ചവരാണ് പിന്നീട് തെയ്യമായി മാറിയത് എന്ന് തോറ്റങ്ങളിൽ നിന്നും മനസ്സിലാക്കാൻ കഴിയും. ഇത്തരത്തിൽ കാപ്പാളത്തി, പഞ്ചുരുളി, കല്ലുരുട്ടി, കരിഞ്ചാമുണ്ഡി, പിലിച്ചാമുണ്ഡി, കുണ്ടോർ ചാമുണ്ഡി, വിഷ്ണുമൂർത്തി, മൂവാളം കുഴി ചാമുണ്ഡി, രക്തചാമുണ്ഡി, കൊറഗൻ, കുറത്തി, കാട്ടുമടന്ത, കുളിയൻ, ബീരൻ തെയ്യം, കുടുംബ തെയ്യം, മൻപ്പന കുറത്തി, ... തുടങ്ങി വിവിധ തെയ്യങ്ങൾ മാവിലൻ ഗോത്രാംഗങ്ങൾ കെട്ടിയാടാറുണ്ട്. ഓരോ തെയ്യങ്ങൾക്കും പ്രത്യേകം പ്രത്യേകം ആയുധങ്ങൾ ഉണ്ടായിരിക്കും. ഗോത്രജീവിതത്തിന് ഒരു കാലത്ത് സഹായം നല്കിയ മുൻമുറക്കാരെ ദൈവമായി ആരാധിക്കുവാൻ കഴിയുക എന്നത് വളരെ വലിയ ഭാഗ്യമായി ഗോത്രജനങ്ങൾ കരുതുന്നു.

## കളംപാട്ട്

ആശുപത്രികൾ അപ്രാപ്യമായിരുന്ന കാലത്ത് ഗോത്രജനതകൾ അവരുടെ അസുഖങ്ങളെ ഇല്ലാതാക്കാൻ ഉപയോഗിച്ചിരുന്ന വഴി മന്ത്രവാദവും കളംപാട്ടും പച്ചമരുന്നുമായിരുന്നു. കുട്ടികളില്ലാത്തവർക്ക് കുട്ടികൾ ഉണ്ടാവാനാണ് കളംപാട്ട് നടത്തിയിരുന്നത്. വൈകുന്നേരം ആരംഭിക്കുന്ന ചടങ്ങ് പുലർച്ച വരെ നീണ്ടു നില്ക്കും. വെണ്ണീർ (ചാരം), കരി എന്നിവ കൊണ്ടാണ് കളം തയ്യാറാക്കുന്നത്. ചില ബാധകൾ ഏറ്റതിനാലാണ് കുട്ടികൾ ഉണ്ടാകാത്തത് എന്ന് വിശ്വസിച്ചിരുന്നു. അതിനെ ഒഴിപ്പിക്കാനാണ് കളംപാട്ട് നടത്തിയിരുന്നത്. ബാധ ഏറ്റ ആളെ കളത്തിന് മുന്നിലിരുത്തി വിവിധ മന്ത്രങ്ങൾ ഉച്ചത്തിലും മെല്ലെയും ചൊല്ലും. പുലർച്ചെ ബാധയേറ്റ ആളെയും കൊണ്ട് അടുത്തുള്ള തോട്ടിലോ ചാലിലോ കൊണ്ട് പോയി മുക്കി ബാധയൊഴിപ്പിച്ച് തിരിച്ച് കൊണ്ട് വരുന്നു. ഇതോടെ ചടങ്ങുകൾ അവസാനിപ്പിക്കും.

ജനങ്ങൾ അടുത്തടുത്ത് താമസിക്കാൻ തുടങ്ങിയതും പുതിയ തലമുറയ്ക്ക് മന്ത്രവാദത്തിലും മറ്റും താത്പര്യമില്ലാത്തതും കൊണ്ട് ഈ ആചാരം മൺമറഞ്ഞു. 1980–കൾ വരെ സജീവമായിരുന്ന ഈ ആചാരം ഇന്ന് അപൂർവ്വമാണ്. ഗദ്ദിക സംരക്ഷിക്കപ്പെട്ടത് പോലെ, ഈ ചടങ്ങും അനുഷ്ഠാനകലയായി പരിഗണിച്ച് നിലനിർത്തപ്പെടേണ്ടതാണ്.